സ്വകാര്യ നഴ്സിംഗ് മേഖലയിലെ തൊഴിൽ സുരക്ഷിതത്വം

245 (946) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർഗ്ഗീസ് കുഴൽനാടൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ നഴ്സിംഗ് മേഖലയിൽ തൊഴിൽ സുരക്ഷിതത്വത്തിന് എന്തെല്ലാം കർമ്മപദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് എന്ന് അറിയിക്കാമോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) സ്വകാര്യ നഴ്സിംഗ് മേഖലയിൽ തൊഴിൽ സുരക്ഷിതത്വത്തിന് മാത്രമായി പദ്ധതിയൊന്നും നടപ്പിലാക്കിയിട്ടില്ല. എന്നാൽ 1960-ലെ കേരള ഷോപ്പ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് സ്വകാര്യ മേഖലയിലെ നഴ്സിംഗ് മേഖല ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് ബാധകമാണ്. ഈ നിയമത്തിൽ ടി വിഭാഗം ജീവനക്കാർക്ക് ജോലിസമയം, അധികസമയ ജോലിക്കുള്ള അർഹമായ ഓവർടൈം വേതനം, ജോലിക്കിടയിലെ വിശ്രമസമയം, വിശ്രമ വേളകളിൽ ഇരിക്കാനുള്ള സൗകര്യം, ലോസ്റ്റൽ സൗകര്യം, ആഴ്ച അവധി, മുലയൂട്ടുവാനുള്ള സൗകര്യങ്ങളോടുകൂടിയ ശിശുപരിപാലന കേന്ദ്രങ്ങൾ എന്നിവ ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ തൊഴിൽ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന വേതന സുരക്ഷ പദ്ധതിയിൽ സ്വകാര്യ ആശുപത്രികളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് മുഖേന തൊഴിലാളികൾക്ക് ബാങ്ക് വഴി വേതനം ലഭിക്കുന്നതിനും നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമ പ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമ പ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് ഓൺസൈറ്റായിതന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

(സി) വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി 1958-ലെ കേരള മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം 8-7-2015-ൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കെൽട്രോണുമായി സഹകരിച്ച് ഒരു സോഫ്റ്റ് വെയർ വികസിപ്പിക്കുകയും നാഷണലൈസ്ഡ്, ഷെഡ്യൂൾഡ് ബാങ്കുകൾ, സഹകരണ തൊഴിലുടമാ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തുകയും 18 ബാങ്കുകളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതി നിലവിൽ തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ വിജയകരമായി നടന്നുവരുന്നു.

കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ. അപ്ഗ്രേഡിംഗ്

246 (947) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ഗവൺമെന്റ് ഐ.റ്റി.ഐ. അപ്ഗ്രേഡ് ചെയ്യുന്നതിന് അടുത്ത ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ ശിപാർശ സമർപ്പിച്ചിട്ടുണ്ടോ എന്നത് വ്യക്തമാക്കാമോ;

(ബി) ഐ.റ്റി.ഐ.-യിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ ഏതെങ്കിലും തലത്തിൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) മികവിന്റെ കേന്ദ്രമായി തെരഞ്ഞെടുത്ത ഇവിടെ നിലവിൽ നൽകുന്ന കോഴ്സുകൾ എന്തെല്ലാം; വിശദമാക്കാമോ?

ഉത്തരം

(എ) Vocational Training Improvement Programme (VTIP) സ്കീം പ്രകാരം കൊയിലാണ്ടി ഐ.ടി.ഐ. ഉൾപ്പെടെ 7 ഐ.ടി.ഐ.-കളുടെ അപ്ഗ്രഡേഷനായി 2016-17 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി 78.56 ലക്ഷം രൂപയുടെ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) കൊയിലാണ്ടി ഐ.ടി.ഐ.-യിൽ നിലവിൽ പരിശീലനം നൽകുന്ന ട്രേഡുകൾ ചുവടെ ചേർക്കുന്നു:

1. ഫിറ്റർ
2. ഇലക്ട്രോണിക് മെക്കാനിക്ക്
3. ഹോസ്പിറ്റൽ ഹൗസ് കീപ്പിംഗ്

LIBRARY ARCHIVES Kerala Legislative Assembly